# അബ്ദുൽ ഗഫാർ ജൻബാസാഹിബിന് ഒരു മറുപടി

## A Reply to Abdul Ghaffaar Janbah Sahib

"വാസ്തവം ഇതാണ് : സത്യം അവർക്കു വന്നു കിട്ടിയപ്പോൾ അവരതിനെ നിഷേധിച്ചു. അപ്പോൾ അവർ ആശയക്കുഴപ്പമുള്ള ഒരു സ്ഥിതിയിലാണ്. " "അവർ പറയുന്നത് നാം നല്ലവണ്ണം അറിയുന്നു. നീ അവരുടെ മേൽ സ്വേച്ഛാധികാരം നടത്തുന്നവനല്ല. അതുകൊണ്ട് എന്റെ മുന്നറിയിപ്പിനെ ഭയപ്പെടുന്നവരെ ഖുർആൻ മുഖേന നീ ഉപേശിക്കുക." (വി.ഖു. 50 :6 & 46).

മുസ്ലീഹ് മൗഊദ് ഹസ്രത്ത് മിർസാ ബശീരുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെയും ഈ കാലത്തേയ്ക്ക് അയക്കപ്പെട്ടിരിക്കുന്ന മസീഹും അല്ലാഹുവിന്റെ ഖലീഫയും ആയിട്ടുള്ള ഈ വിനീതന്റെയും വാദഗതികളെ സംബന്ധിച്ച് അബ്ദുൽ ഗഫാർ ജൻബാ സഹിബ് ചില കാര്യങ്ങൾ പറഞ്ഞതായി അഹ്മദിയ്യാ പ്രസ്ഥാനത്തിൽപ്പെട്ട ഒരാളിൽ നിന്നും എനിക്ക് അറിവു കിട്ടിയിരിക്കുന്നു. അബ്ദുൾ ഗഫാർ ജൻബാ സാഹിബിന്റെ വാക്കുകൾ ഞാൻ ഉദ്ധരിക്കട്ടെ :

"റസൂൽ തിരുമേനി (സ) യുടെ അനുഗ്രഹീത പ്രവചനങ്ങളുടെ പുലർച്ചയെന്നോണം എഴുന്നേൽപ്പിക്കപ്പെടുന്ന രീതി ഖിയാമത്തുനാൾവരെയും മുഹമ്മദീ ഉമ്മത്തിൽ ഉണ്ടാകും. എന്നിരുന്നാലും, മിർസാസാഹിബിനു ലഭിച്ച വെളിപാടുകളും വാക്കുകളും പരിശോധിക്കുമ്പോൾ, വരുന്ന കാലത്തെക്കുറിച്ചുള്ള പ്രവചനങ്ങളിൽ ഒരേയൊരു വാഗ്ദത്ത പരിഷ്കർത്താവിനെക്കുറിച്ച് മാത്രമേ സന്തോഷ വാർത്തയായി അറിയിക്കപ്പെട്ടിരിക്കുന്നത്. മഹോന്നതനായ അല്ലാഹു അദ്ദേഹത്തെ സാക്കി ഗുലാം (വിശുദ്ധനായ പുത്രൻ) എന്നു സംബോധന ചെയ്തിരിക്കുന്നു, തന്റെ തന്നെ വാക്കുകളിൽ ഹസ്രത്ത് അഹ്മദ് (അ) ആകട്ടെ ഈ സാക്കി ഗുലാമിനെ മുസ്ലിഹ് മൗഊദ് (വാഗ്ദത്ത പരിഷ്കർത്താവ്) എന്നു സംബോധന ചെയ്തിരിക്കുന്നു."

മിർസാ സാഹിബിന്റെ കാലശേഷം അഹ്മദിയ്യാ ജമാഅത്തിൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ തലയ്ക്കലാണ് ഈ മുസ്ലീഹ് മൗഊദ് അവതരിയ്ക്കേണ്ടത്.

" ഷബീബ് ഹനീഫ് ചൂണ്ടികാട്ടുന്നതുപോലെ, ജമാഅത്തു സഹീഹുൽ ഇസ്ലാം വെബ്സൈറ്റിൽ, മുനീർ അഹ്മദ് അസീം സാഹിബ് താൻ ഖലീഫത്തുല്ലായും മസീഹ് മൗഊദും മുജദ്ദിദും ആണെന്നു വാദിച്ചിരിക്കുന്നതായി കാണാം. അപ്പോൾ ചോദ്യം ഇതാണ്. മുനീർ അഹ്മദ് സാഹിബ് വാഗ്ദത്തം ചെയ്യപ്പെട്ട സാക്കി ഗുലാം (മുസ്ലിഹ് മൗഊദ്) ആണെന്നും വാദിക്കുന്നുവോ ? അദ്ദേഹം മുസ്ലിഹ് മൗഊദ് ആണെന്നു വാദിക്കുന്നുവെങ്കിൽ, ഒർക്കുക, അഹ്മദിയ്യാ ജമാഅത്തിൽ രണ്ടാം ഖലീഫ മുസ്ലിഹ് മൗഊദ് വാദം പുറപ്പെടുവിച്ചിരുന്നു. മിർസാബശീരുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് മുസ്ലിഹ് മൗഊദ് ഒന്നാമനാണെന്നും താൻ മുസ്ലിഹ് മൗഊദ് രണ്ടാമനാണെന്നും മുനീർ അഹ്മദ് സാഹിബ് വിശദീകരിക്കുന്നതായും ഞാൻ മനസ്സിലാക്കുന്നു. എന്നാൽ, അഹ്മദിയ്യത്തിൽ രണ്ടു മുസ്ലിഹ് മൗഊദ് മാരില്ലെന്നതാണ് വ്യക്തമായ കാര്യം. അപ്പോൾ ചോദ്യം ഇതാണ്. രണ്ടാം ഖലീഫയുടേയും മുനീർ അഹ്മദ് സാഹിബിന്റേയും വാദഗതികളിൽ, ആരുടെ വാദമാണ് സത്യത്തെ അടിസ്ഥാനമാക്കിയിട്ടുള്ളത് ? "

മുസ്ലിഹും (പരിഷ്കർത്താവ്) മുസ്ലിഹ് മൗഊദും (വാഗ്ദത്ത പരിഷ്കർത്താവ്) തമ്മിലുള്ള വ്യത്യാസത്തെ മുൻ നിർത്തികൊണ്ട്, പരിശോധിക്കുമ്പോൾ മിർസാ ബശീരുദ്ദീൻ മഹ്മൂദ് അഹ്മദ് യഥാർത്ഥ മുസ്ലിഹ് മൗഊദ് ആണെങ്കിൽ, അഹ്മദിയ്യാ ജമാഅത്തിലെ മറ്റാർക്കും തന്നെ മുസ്ലിഹ് മൗഊദ് ആയിരിക്കാൻ കഴിയുകയില്ല. ഇത് മറക്കാൻ പാടില്ല. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ മുസ്ലിഹ് മൗഊദ് വാദം വ്യാജമാണെങ്കിൽ യഥാർത്ഥ മുസ്ലിഹ് മൗഊദ് വരാനുണ്ടാകും. അഹ്മദിയ്യാ ജമാഅത്തിലെ വ്യക്തികൾ അദ്ദേഹത്തെ കാത്തിരിക്കേണ്ടതാണ്. മുസ്ലിഹ് മൗഊദ് അവതരിക്കുമ്പോൾ അദ്ദേഹം ചെയ്യുന്ന കാര്യങ്ങൾ സ്മരണീയമാണ്. അദ്ദേഹം തന്റെ വാദഗതികൾ നിരത്തുന്നത് തെളിവുകളില്ലാതെയോ, വെളിപാടുകളുടെ അടിസ്ഥാനത്തിലോ മാത്രമല്ല. മറിച്ച്, വെളിപാടുകളുടേയും ശാസ്ത്രീയവും തന്റെ സത്യതയെക്കുറിച്ചുള്ള മറ്റു അനിഷേധ്യ തെളിവുകളുടേയും പിൻബലത്തോടെയായിരിക്കും അദ്ദേഹം വാദമുന്നയിക്കുക."

" മുസ്ലിഹ് മൗഊദ് രണ്ടാമനാണ് താനെന്നു വാദിക്കുന്ന മൗറിഷ്യസിലെ മുനീർ അഹ്മദ് സാഹിബോ, ഖാദിയാനി വിഭാഗത്തിലെ മറ്റേതെങ്കിലും അഹ്മദിയോ മുസ്ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിൽ പൂർത്തീകരിച്ചിരിക്കുന്നു എന്നു തെളിയിക്കുമോ ? എങ്കിൽ, ഞാൻ എന്റെ പരാജയം അദ്ദേഹത്തിന്റെ മുമ്പാകെ ഏറ്റുപറയും. മാത്രമല്ല, എന്റെ കഴിവിനനുസരിച്ച് പ്രായശ്ചിതം ചെയ്യാനും തയ്യാറാകും. മുനീർ അഹ്മദ് സാഹിബിനോ മറ്റേതെങ്കിലും അഹ്മദിയ്ക്കോ, മിർസാബശീറുദ്ദീൻ മഹ്മൂദ് അഹ് മദ് മുസ്ലിഹ് മൗഊദ് ആണെന്നു തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിലോ ? അപ്പോൾ, മുസ്ലിഹ് മൗഊദ് ഒന്നാമൻ എന്ന മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ വാദം തെറ്റാണെന്നുവരും. കൂടാതെ മുസ്ലിഹ് മൗഊദ് രണ്ടാമൻ എന്ന മുനീർ

അഹ്മദ് സാഹിബിന്റെ വാദവും പൊളിയും. എന്നു മാത്രമല്ല, മുനീർ അഹ്മദ് സാഹിബിന്റെ മറ്റു വാദഗതികളും തെറ്റാണെന്നു തെളിയും. ഓർക്കുക, ആർക്കു വേണമെങ്കിലും തെളിവുകൾ നൽകാതെ വാദമുന്നയിക്കാം. അല്ലെങ്കിൽ തെളിവു നൽകാതെ ദൈവിക വെളിപാടുകൾ ലഭിയ്ക്കുന്നുവെന്നു അവകാശപ്പെടാം. അതിനു യാതൊരു പ്രാധാന്യവും കൽപ്പിക്കേണ്ടതില്ല. ദൈവീക വെളിപാടുകളും മറ്റു സത്യസാക്ഷ്യങ്ങളും നിരത്തുന്ന വാദഗതിക്കാരന്റെ വാദങ്ങളെ മാത്രമേ പരിശോധന അർഹിക്കുന്നുള്ളൂ. വെളിപാടുകൽ എത്രയധികം എണ്ണത്തിൽ ലഭിച്ചാലും പരിപൂർണ്ണ തെളിവ് ആവുകയില്ല. ഈ ചുരുക്കിയ മറുപടി ഷബീബ് ഹനീഫിനു മതിയാകും എന്നു കരുതട്ടെ.”

## അല്ലാഹു അയയ്ക്കുന്നവർ പരസ്പരം സാക്ഷ്യപ്പെടുത്തും

അല്ലാഹു (ത) തെരഞ്ഞെടുത്തയയ്ക്കുന്ന ദൂതന്മാർ, ഏതു കാലത്ത് അവതരിച്ചാലും അവർ പരസ്പരം സാക്ഷ്യപ്പെടുത്തും എന്നതും തള്ളിപ്പറയുകയില്ലായെന്നതും ഇസ്ലാമിക അദ്ധ്യാപനങ്ങളിൽ മൗലികമായിട്ടുള്ളതാണ്. അല്ലാഹുവിന്റെ നടപടി ക്രമത്തിന്റെ അന്തസ്സത്തയിൽ ഉൾപ്പെടുന്ന തത്വമത്രെ ഇത്. ഈ ദൈവീക ദൂതന്മാരെല്ലാം ഒരു ചങ്ങലയിലെ കണ്ണികൾ പോലെ, പരസ്പരം സാക്ഷ്യപ്പെടുത്തുന്നു. അതുപോലെ, വാഗ്ദത്ത മസീഹും ഖലീഫത്തുല്ലായും മുജദ്ദിദും ആണെന്ന എന്റെ വാദവും മുൻകാല പ്രവാചകന്മാരുടേയും പരിഷ്കർത്താക്കളുടേയും അല്ലാഹുവിന്റെ ഖലീഫമാരുടേയും വാദങ്ങളിൽ നിന്നും വിഭിന്നമായതല്ല. വാഗദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റേയും അദ്ദേഹത്തിന്റെ ആത്മീയവും ശാരീരികവും ആയ പരിശുദ്ധ സന്തതി ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റേയും വാദങ്ങളും ഈ ചങ്ങലയിലെ കണ്ണികൾ തന്നെയാകുന്നു.

മർഹും ജനാബ് മുബശ്ശർ ദർ സാഹിബ് (അല്ലാഹു അദ്ദേഹത്തോട് പൊറുക്കട്ടെ.) ഈ വിനീതനുമായി നടത്തിയ അഭിമുഖ സംഭാഷണം നിങ്ങൾ വായിച്ചുവോ ? (ഈ അഭിമുഖം വെബ്സൈറ്റിൽ ലഭ്യമാണ്.) വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റെ ശാരീരികസന്തതിയും ഒന്നാമത്തെ മുസ്ലിഹ് മൗഊദും ആയ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ ഒരു സുപ്രധാന അഭിപ്രായം ഞാൻ പ്രസ്തുത അഭിമുഖ സംഭാഷണത്തിൽ ഉദ്ധരിക്കുകയുണ്ടായി 'Ahmadiyyat Renaissance of Islam' എന്ന പുസ്തകത്തിൽ സർ സഫറുല്ലാഖാൻ സാഹിബ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു : “1944 ഫെബ്രുവരി 20 ന് ഹോശിയാർപൂരിൽ വച്ചു നടത്തിയ ഒരു സമ്മേളനത്തിൽ, ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇങ്ങനെ പറഞ്ഞു :

“ഞാൻ മാത്രമാണ് വാഗദത്തം ചെയ്യപ്പെട്ടിരിക്കുന്ന ഏക വ്യക്തിയെന്നോ ഖിയാമത്ത് നാൾവരെ വാഗ്ദത്തം ചെയ്യപ്പെട്ട മറ്റാരും വരികയില്ലെന്നോ ഞാൻ വാദിക്കുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളിൽ നിന്നു മനസ്സിലാവുന്നത് വാഗ്ദത്തം ചെയ്യപ്പെട്ട മറ്റു ചിലരും വരുമെന്നുതന്നെയാണ്. അവരിൽ ചിലർ നൂറ്റാണ്ടുകൾക്കു ശേഷം അവതരിക്കും. ഈ ലോകത്തേയ്ക്ക് രണ്ടാമതൊരിയ്ക്കൽ കൂടി അയയ്ക്കുമെന്നു തന്നെ അല്ലാഹു (ത) എന്നെ അറിയിച്ചിരിക്കുന്നു. അല്ലാഹു (ത) വിന് പങ്കുകാരെ ചേർക്കുന്ന പ്രവണത അധികരിക്കുന്ന ഒരു സമയത്ത് ലോകത്തിന്റെ പരിഷ്കരണത്തിനായി ഞാൻ വീണ്ടും അയയ്ക്കപ്പെടും. എന്റെ കഴിവുകൾക്കും ഗുണങ്ങളോടും സമാനത പുലർത്തുന്നൊരു വ്യക്തിയിൽ എന്റെ ആത്മാവ് ഇനിയൊരിയ്ക്കൽ അവതരിക്കും എന്നാണ് ഇതിനർത്ഥം. അദ്ദേഹം എന്റെ പാതകൾ പിന്തുടരും. ലോകത്ത് ഒരു പരിഷ്കരണം കൊണ്ടുവരും. അപ്പോൾ, സർവ്വശക്തനായ അല്ലാഹു (ത) വിന്റെ വാഗ്ദാന പ്രകാരം പ്രവചിക്കപ്പെട്ടിരിക്കുന്ന വ്യക്തികൾ കൃത്യ സമയങ്ങളിൽ തന്നെ എത്തിച്ചേരുന്നതാണ്. (പേജ് നം. 293–294) ”

## ജൻബാ സാഹിബ് യുദ്ധത്തിനൊരുങ്ങുകയാണോ ?

ജൻബാ സാഹിബ് എന്ന വ്യക്തിയുടെ രൂപത്തിൽ പുറപ്പെടുവിക്കപ്പെട്ടിരിക്കുന്ന വാദങ്ങൾ വളരെ വിചിത്രമായിരിക്കുന്നു. ഇതിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമാണ് : (1) അല്ലാഹു (ത) അദ്ദേഹത്തിനിറക്കിയ വെളിപാടുകൾ ഒന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. അദ്ദേഹം, വാഗ്ദത്ത മസീഹ് (അ) പറഞ്ഞിരിക്കുന്ന വാഗ്ദത്ത സുതൽ, ആത്മീയ പുത്രനായ താൻതന്നെയെന്നു വാദിക്കുന്നു. (2) ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ ജനനശേഷം വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന് അല്ലാഹു (ത) ഒരു പരിശുദ്ധ സന്തതിയുടെ വരവിനെ സംബന്ധിച്ച് ദിവ്യ വെളിപാടുകൾ ഇറക്കിയിരുന്നു. ഇക്കാര്യവും ജൻബാ സാഹിബു എടുത്ത് ഉദ്ധരിച്ചിട്ടുണ്ട്.

എന്റെ പ്രിയപ്പെട്ട സഹോദരന്മാരേ, സഹോദരിമാരേ, ഒരാൾ എഴുന്നേറ്റ് അല്ലാഹു (ത) വിന്റെ പരിശുദ്ധ നാമം സാക്ഷിയാക്കി, അദ്ദേഹം അല്ലാഹു അയച്ച വ്യക്തിയാണ് എന്നു പറഞ്ഞാൽ, അദ്ദേഹത്തിന്റെ കാര്യം അല്ലാഹുവും ആ വ്യക്തിയും തമ്മിൽ ആയിത്തീരുന്നു. അതുപോലെ, ജൻബാ സാഹിബും അല്ലാഹുവിന്റെ നാമം എടുത്തുകൊണ്ട് അദ്ദേഹം വാദിക്കുന്നതെല്ലാം വാദിച്ചിരിക്കുകയാണ്. (വെളിപാടു ലഭിക്കുന്നുവെന്നു അവകാശപ്പെടുന്ന മറ്റുള്ളവരെപ്പോലെ തന്നെ.) വാഗ്ദത്ത മസീഹ് (അ) – ന് വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധ സന്തതി അദ്ദേഹം മാത്രമാണെന്നും അദ്ദേഹം വിചാരിക്കുന്നു. വിശുദ്ധ ഖുർആനും തിരുവചനങ്ങളും അദ്ദേഹം വളരെ ആഴത്തിൽ വായിച്ചു പഠിക്കേണ്ടതുണ്ട്. അതുപോലെ തന്നെ, ഇമാമിന്റെ ആവശ്യകത എന്ന വാഗദത്ത മസീഹിന്റെ പുസ്തകവും അദ്ദേഹം പഠന വിധേയമാക്കണം. കാലത്തിന്റെ ഇമാമിന്റെ ആവശ്യകതയും അതു സംബന്ധിച്ച നിബന്ധനകളും വളരെ വിശദമായി ഈ പുസ്തകത്തിൽ വാഗ്ദത്ത മസീഹ് (അ) വിവരിക്കുകയുണ്ടായി. (ഒരു പ്രമുഖ ഇസ്രായേൽ വംശജനും ദൈവീക വെളിപാടുകൾ ഇറങ്ങിയിരുന്നവനും ആയ) ബലാമിനെപോലെ, ജൻബാ സാഹിബ് പെരുമാറുകയാണോ എന്നു ഞാൻ ഭയപ്പെടുന്നു. തന്റെ കാലത്തേക്കുള്ള അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതൻ ഹസ്രത്ത് മൂസാ (അ) യുടെ മേൽകോയ്മയോടു ഏറ്റുമുട്ടാൻ ബലാംശ്രമിച്ചു. അല്ലാഹുവിൽ നിന്നു തനിക്ക് സന്ദേശങ്ങൾ ലഭിക്കുന്നുവെന്നതിനാൽ താൻ മാത്രമാണ് മേൽകോയ്മയ്ക്കർഹൻ എന്നു ബലാം ധരിച്ചുവശായി. ദൈവിക സഹായത്തിന്റെ ആഴക്കയത്തിൽ മുങ്ങിത്തുടിയ്ക്കുന്നവനും എല്ലാ എതിരാളുകൾക്കുമെതിരിൽ അല്ലാഹുവിനാൽ സംരക്ഷിക്കപ്പെടുന്നവനും ആയ ഒരാളെ ബലാം കണ്ടു മുട്ടി. യുദ്ധം നടത്തിയപ്പോൾ പ്രതീക്ഷിക്കാവുന്നതുപോലെ നശിപ്പിക്കപ്പെട്ടു. അതുപോലെ, പ്രവാചക പ്രഭു മുഹമ്മദ് നബി (സ) യുടെ കേട്ടെഴുത്തുകാരന്റെ ഉദാഹരണവും ചരിത്രത്തിലുണ്ട്. തനിക്കു ലഭിക്കുന്ന വെളിപാടുകൾ നബി (സ) പറഞ്ഞുകൊടുക്കുന്നതിനനുസരിച്ച് പകർത്തിയെഴുതുകയായിരുന്നു ഇയാളുടെ ജോലി. ഒരിയ്ക്കൽ നബിതിരുമേനി ഒരു വാക്കുപോലും ഉരിയാടുന്നതിനും മുമ്പുതന്നെ, ഈ കേട്ടെഴുത്തുകാരന് വെളിപാടുകൾ ഉദ്ധരിയ്ക്കാൻ കഴിഞ്ഞു. തിരുനബി (സ) തനിയ്ക്ക് ലഭിച്ച വെളിപാടുകൾ അവതന്നെയെന്നു സാക്ഷ്യപ്പെടുത്തി. അപ്പോൾ കേട്ടെഴുത്തുകാരൻ കരുതി, തനിക്ക് അല്ലാഹുവിന്റെ ദൂതനേക്കാൾ കഴിവും മേൽക്കോയ്മയും ഉണ്ടെന്ന്. വിശ്വാസം നഷ്ടപ്പെട്ട കേട്ടെഴുത്തുകാരൻ, തിരുനബിയ്ക്കു നേരെ ദൈവീക പ്രഭാവത്തിനു നേരെയും മുഖം തിരിച്ചു.

## ഞാൻ അല്ലാഹുവിന്റെ ദൂതൻ

പ്രവാചക പ്രഭു മുഹമ്മദ് നബി (സ) യുടെയും വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റേയും ആത്മീയ പുത്രനായിട്ടാണ് ഞാൻ വന്നിരിയ്ക്കുന്നത്. 2004 ഫെബ്രുവരി 20 ന് അല്ലാഹു (ത) എന്നെ മുസ്ലിഹ് മൗഊദ് എന്നു വിളിക്കുകയുണ്ടായി. പടിപടിയായി എന്റെ സ്ഥാനം ഉയർത്തപ്പെടുമെന്നും അല്ലാഹു (ത) എന്നോട് വാഗ്ദാനം ചെയ്യുകയുണ്ടായി. ഖമറൻ മുനീറ യിൽ നിന്നും ഖാജാ നൂറുദ്ദീൻ അമീറുൽ മുഅ്മിനീൻ, മുഹ്‌യുദ്ദീൻ, മുസ്ലിഹുദ്ദീൻ, ഖലീഫത്തുല്ല, റസൂലുല്ലാഹ്, നബിയുല്ലാഹ്, എന്നീ പദവികളിലേക്ക് എന്നെ അല്ലാഹു (ത) ഉയർത്തിയിരിക്കുന്നു. ഈ സ്ഥാനപ്പേരുകളും ബഹുമാന്യ പദവികളും എല്ലാം നൽകിയിരിക്കുന്നത് ഒരടിസ്ഥാന ദൗത്യത്തോടെയാണ്– അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുക, ലോകത്തെ പരിഷ്കരിക്കുക– വിഗ്രഹ മൂർത്തികളെയെല്ലാം ഉപേക്ഷിച്ച് അല്ലാഹുവിലേക്ക് മാത്രം തിരിഞ്ഞ് ആരാധിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക. ഈ വിനീതനുമേൽ അല്ലാഹു (ത) ഇറക്കിയിരിക്കുന്ന പദവികളെപ്പറ്റി ജനങ്ങളോട് തർക്കിക്കാനും സ്വയം ന്യായീകരിയ്ക്കാനും വേണ്ടിയല്ല ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്.

സന്തോഷ വാർത്ത അറിയിക്കുവാനും താക്കീതുകാരനും ആയി ഞാൻ അയക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 12 വർഷമായ് എനിക്കു നൽകപ്പെട്ടിരിക്കുന്ന സന്ദേശങ്ങൾ മിക്കപ്പോഴും ഈ രീതിയിലുള്ളവയാണ്. ഞാൻ താക്കീതുകാരനായി വന്നിരിക്കുന്നു. ഹൃദയങ്ങൾക്കു പരിവർത്തനം വരുത്തുവാൻ കഴിവുള്ളവനല്ല ഞാൻ. ഹൃദയങ്ങളുടെ അവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ അല്ലാഹുവിനു മാത്രമേ കഴിയുകയുള്ളൂ. ഞാൻ ഒരു ബുദ്ധിജീവിയല്ല. എന്റെ പ്രിയപ്പെട്ട യജമാനൻ ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ അവതാരമെന്നോണം, സൂറാജുംഅയിലെ പ്രവാചക പ്രകാരം, ഞാൻ എത്തിയിരിക്കുന്നു. എനിക്ക് അസാധാരണമായ അക്കാദമിക്ക് ബിരുദങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ, എന്റെ നാഥനായ അല്ലാഹുവാണ് എന്റെ ഗുരുനാഥനും വഴികാട്ടിയും. അവൻ തന്നെയാണ് അവന്റെ വിനീത ദൂതനായി എന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നത്. ഞാനീ വാദം പുറപ്പെടുവിക്കുന്നത് യാതൊരു ഭയാശങ്കകളും കൂടാതെയാണ്. എന്തിന് മനുഷ്യരെ ഭയക്കണം. ? അല്ലാഹുവാണല്ലോ എന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നതും എന്റെ രക്ഷകർത്താവായിരിക്കുന്നതും.

## ജൻബാ സാഹിബിന്റെ വാദത്തിന്റെ ഖണ്ഡനം

താൻ മാത്രമാണ് മുസ്‌ലിഹ് മൗഊദ് എന്ന ജൻബാസാഹിബിന്റെ വാദത്തിന് ചുരുക്കത്തിലുള്ള മറുപടി ഇതാണ്. മുസ്‌ലിഹ് മൗഊദ് എന്നാൽ അർത്ഥമെന്ത് ? വാഗ്ദത്ത പരിഷ്കർത്താവ് വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) തന്നെയും ഒരു മുസ്‌ലിഹ് മൗഊദ് ആയിരുന്നു. അദ്ദേഹം നബിതിരുമേനി (സ) യുടെ ആത്മീയ സന്തതിയായിരുന്നുവല്ലോ. ? അതൊരു വസ്തുതയാണ്. ആ സത്യം നിഷേധിക്കാൻ കഴിയുകയില്ല. ഒരു പ്രവചനത്തെ വ്യാഖ്യാനിക്കുമ്പോൾ, വാക്കുകളുടെ അർത്ഥം വലരെ പ്രാധ്യാന്യം അർഹിക്കുന്നു. ദൈവീക മണ്ഡലത്തിൽ നിന്നുള്ള ചില പ്രവചനങ്ങൾ ഭാഗികമായി അക്ഷരാർത്ഥത്തിലുള്ളതായിരിക്കും. മറ്റു ചിലതാകട്ടെ ആലങ്കാരികവുമായിരിക്കും.

വാഗ്ദത്ത മസീഹ് (അ) നു വാഗ്ദത്തം ചെയ്യപ്പെട്ട ശാരീരിക പുത്രനെ ലഭിക്കുകയുണ്ടായി. ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആണ് ഈ പുത്രനെന്ന് പിന്നീട് തെളിഞ്ഞു. ആദ്യം കരുതിയതുപോലെ മൂന്നാമതൊരു ഭാര്യയിലല്ല, ഈ മകൻ ജനിച്ചത്. മറിച്ച്, വാഗ്ദത്തമസീഹിന്റെ രണ്ടാമത്തെ ഭാര്യയിൽ നിന്നും ആയിരുന്നു. മൂന്നാമത്തെ ഭാര്യയെ സംബന്ധിച്ച പ്രവചനം റദ്ദാക്കപ്പെട്ടു. എന്നിട്ടും പരിശുദ്ധ സുതനുവേണ്ടിയുള്ള വാഗ്ദത്ത മസീഹിന്റെ പ്രാർത്ഥനകൾക്കു മറുപടിയായി ഇറങ്ങിയ ഈ ദൈവിക വെളിപാട് പ്രവചനം – റദ്ദാക്കേണ്ടതില്ലെന്ന് അല്ലാഹു (ത) തീരുമാനിക്കുകയായിരുന്നു. ("ഇത് വിധിച്ചുപോയ കാര്യമാകുന്നു.") എന്തുകൊണ്ടെന്നാൽ, മുസ്‌ലീം ലോകത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായ് അടുത്തുതന്നെ ഒരു പരിഷ്കർത്താവിന്റെ വരവ് ഉപകരിക്കുമെന്നു അല്ലാഹുവിന് അറിയാമായിരുന്നു.

മനുഷ്യർ തെരഞ്ഞെടുത്ത ഒരു ഖലീഫ മാത്രമായിരുന്നില്ല അഹ്മദിയ്യാ ജമാഅത്തിലെ രണ്ടാം ഖലീഫ. അല്ലാഹു (ത) പിന്നീട് അദ്ദേഹത്തിന്റെ പദവി ഉയർത്തി. അല്ലാഹു (ത)അവന്റെ മസീഹിനു നൽകിയ വാഗ്ദാന പ്രകാരം, അദ്ദേഹത്തെ വാഗ്ദത്ത പരിഷ്കർത്താവായി ഉയർത്തി, സമുന്നതനും അതിബുദ്ധിമാനും ആയി ഈ പുത്രൻ വളർന്നു. എന്നാൽ, ജൻബാ സാഹിബു ചൂണ്ടിക്കാട്ടിയതുപോലെ, വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളിൽ മറ്റൊരു പരിശുദ്ധ പുത്രന്റെ വരവിനെ സംബന്ധിച്ചും അറിയിക്കപ്പെട്ടിരിക്കുന്നു. പ്രതീക്ഷിക്കാവുന്നതുപോലെ, വാഗ്ദത്ത മസീഹിന്റെ ആത്മീയ സന്തതിയായിരിക്കും ഈ പുത്രൻ. ഇക്കാര്യം ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ വാക്കുകളിലൂടെ സാക്ഷ്യപ്പെടുത്തപ്പെട്ടിരിക്കുന്നു. വാഗ്ദത്ത പുത്രന്മാർ ഇനിയും വരുമെന്ന് അല്ലാഹു (ത), തന്നെ അറിയിച്ചിരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. മുസ്‌ലിഹ് മൗഊദിന്റെ തന്നെ രണ്ടാം വരവുണ്ടാകുമെന്നും പ്രവചിക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹു (ത) തെരഞ്ഞെടുത്ത ഒരാൾ മറ്റൊരാളെ സാക്ഷ്യപ്പെടുത്തുന്നു.

കഴിഞ്ഞ കാലങ്ങളിൽ ജീവിച്ചിരുന്ന ഒരുപാട് പേർ അല്ലാഹുവിന്റെ സാമീപ്യം നുകർന്നിട്ടുണ്ട്. അവരുടെ ഭക്തിയും പ്രാർത്ഥനയും ധ്യാനവും മുഖേന സൃഷ്ടിച്ചെടുത്ത ആഴത്തിലുള്ള ബന്ധവും മുഖേനയാണ് അവർക്കിത് സാധിച്ചത്. എന്നിട്ടും അവരെല്ലാവരും പ്രവാചകന്മാരോ അവരുടെ മതങ്ങളുടെ പരിഷ്കർത്താക്കൾ പോലുമോ ആയിത്തീർന്നില്ല. നമ്മുടെ കാലത്തുപോലും, ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ൽ വിശ്വസിയ്ക്കാത്ത എന്നാൽ അതിഭക്തരായ സാധാരണ മുസ്‌ലിംകളിൽ പലരും മഹത്തായ ആത്മീയ ദർശനങ്ങൾക്കും സത്യമായ സ്വപ്നങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. പ്രവാചക പ്രഭു ഹസ്രത്ത് മുഹമ്മദ് നബി (സ) അവരോട് സംസാരിക്കുന്നതായും അവരെ ആശ്വസിപ്പിക്കുന്നതായും അവർ കണ്ടിരിക്കുന്നു. അതുകൊണ്ട്, സ്വപ്നങ്ങളും ദർശനങ്ങളും മാത്രം അടിസ്ഥാനമാക്കിയാവരുത് വാദങ്ങൾ ഉന്നയിക്കുന്നത്. പേമാരിപോലെ, അല്ലാഹുവിൽ നിന്നു നിരന്തരം ഇറങ്ങുന്ന വെളിപാടുകൾ വ്യക്തമായ തെളിവാണ്. വളരെ കുറഞ്ഞ അളവിലോ അഗാധതല സ്പർശിയല്ലാത്തതോ ആയ വെളിപാടുകൾ മറ്റു വ്യക്തികൾക്ക് ഇറങ്ങുന്നതുപോലെയല്ലിത്. അല്ലാഹു (ത) എനിക്ക് അസംഖ്യം വെളിപാടുകൾ നൽകുന്നുവെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. എല്ലാ കാര്യങ്ങൾക്കും അതിന്റേതായ സമയം ഉണ്ട്. ഇൻശാ അല്ലാഹ്. സർവ്വശക്തനായ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ വെളിപാടുകൾ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. മനുഷ്യരുടെ ആഗ്രഹങ്ങൾ അനുസരിച്ചല്ല ഈ കാര്യങ്ങൾ നടത്തപ്പെടുക !

തീർച്ചയായും ദൈവദൂതന്മാരേയും അല്ലാഹു (ത) ഏറെ പരിഷ്കരണങ്ങൾക്ക് വിധേയരാക്കുന്നു. കുറച്ചു കാലത്തേയ്ക്ക് ദിവ്യ വെളിപാടുകൾ ഇറങ്ങാതെ വരാം. അല്ലാഹുവിന്റെ സഹായവും സാന്ത്വനവും വെളിപാടുകളും എപ്പോഴാണ് ഇറങ്ങുകയെന്ന് ദൂതനും വിശ്വാസികളും ആശങ്കയോടെ നിൽകുന്ന അവസരങ്ങളും ഉണ്ടായേക്കാം. തീർച്ചയായും നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയം വരിക തന്നെ ചെയ്യും. അല്ലാഹുവിന്റെ വിജയത്തിലൂടെയാണ് ഈ കാലഘട്ടത്തിലെ ദൈവദൂതനായ ഞാൻ വിജയം പ്രാപിക്കുക. ഇൻശാ അല്ലാഹ്. 2008 ൽ

(മെയ് 25–ാം തീയതി തഹജ്ജുദ് നമസ്കാര സമയത്ത്) അല്ലാഹു (ത) എന്നെ ഈ കാര്യത്തിൽ സാന്ത്വനപ്പെടുത്തി ഖലീഫത്തുല്ലായായി പ്രഖ്യാപനം നടത്തിയ വേളയിൽ. എന്റെ മാതൃഭാഷയിൽ ലഭിച്ച ഒരു സ്വപ്ന/ ആത്മീയ ദർശനത്തിൽ അവൻ എന്നെ അറിയിച്ചു. അല്ലാഹുവിന്റെ ഖലീഫയും മസീഹും ആണെന്ന എന്റെ വാദം മാത്ര മാണ് ശരിയായിട്ടുള്ളത്. മസീഹ് ആണെന്നു മറ്റാരെങ്കിലും പ്രഖ്യാപിക്കുന്നുവെങ്കിൽ അവർ വ്യാജവാദികൾ ആയി രിക്കും. ശബ്ദം – എന്നോട് നേരിട്ട് സംസാരിച്ച ശബ്ദം – അല്ലാഹുവിന്റെ തന്നെയായിരുന്നു.

## വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം

വാഗ്ദത്ത പരിഷ്കർത്താവ് (മുസ്ലിഹ് മൗഊദ്) ആയി ഭാവിയിൽ ഉയർത്തപ്പെടുന്ന ഒരു പരിശുദ്ധ സുത നെക്കുറിച്ച് അല്ലാഹു (ത) ഹസ്രത്ത് അഹ്മദ് (അ) നെ അറിയിക്കുകയുണ്ടായി. 1886 ഫെബ്രുവരി 20 –ന് പ്രസിദ്ധം ചെയ്ത വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

“ അല്ലാഹു (ത) എന്നെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഞാൻ നിനക്ക് അനുഗ്ര ഹത്തിന്റെ ഒരടയാളം നൽകുന്നു. നീ എന്നോട് ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ യാത്ര നിനക്കു അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുത ശക്തിയു ടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നൽകുന്നു. വരപ്രസാദത്തിന്റേയും അനു ഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുംബിക നിനക്കു കരസ്ഥമാവു കയാണ്. അല്ലയോ ജയശാലി, നിനക്കു സമാധാനം ! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽ നിന്നു രക്ഷ ലഭിക്കാനും കബറുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും, ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നതു ചെയ്യു ന്നവനുമാണെന്നു ലോകത്തിനു മനസ്സിലാക്കുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്നും അവർക്കു ദൃഢബോദ്ധ്യം വരുന്നതിനും, ദൈവത്തിന്റെ അസ്ഥിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്.”

ആകയാൽ, നിനക്കു സുവിശേഷമായിരിക്കട്ടെ : പ്രതാപവാനും പരിശുദ്ധനും ആയ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ (സാക്കിഗുലാം) നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബശീർ എന്നും ആണ്. അവനു പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ ആയിരിക്കും. ആകാശത്തിൽ നിന്നു വരുന്നവൻ അനുഗ്രഹീ തൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വ ര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്തുവന്നു തന്റെ മസീഹി ഗുണവും റൂഹുൽഹക്കി (സത്യത്തിന്റെ ആത്മാ വ്)ന്റെ അനുഗ്രഹവും മുഖേനെ അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹു വിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും കാരുണ്യവും അവനെ മഹത്വ ത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരി ക്കും. ലൗകികവും ആത്മീയവും ആയുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവ നായിരിക്കും. (ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച : അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച, വാത്സല്യ പുത്രൻ, മഹാ ഭാഗ്യവാനായുള്ളവൻ. ആദ്യന്ത രഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനം സത്യത്തിന്റേയും ഔന്നത്യത്തിന്റേയും മഹത്വമായുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നു ഇറങ്ങിയപോലെ അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപവും വെളിപ്പെടുത്തുന്നതിനു കാരണവും ആയിരിക്കും. ഏതൊ രുവനെ ദൈവം തന്റെ അഭിഷ്ടമാകുന്ന പരിമളം കൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരി ക്കും. അവൻ വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാവുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്നും അനുഗ്രഹം കൈകൊള്ളും. അന ന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്കു കരേറ്റപ്പെടും. ഇതു വിധിച്ചു

പോയ കാര്യമാകുന്നു. (തദ്കിറ – പരിഭാഷ സർ സഫറുല്ലാഹ് ഖാൻ)

ഈ വെളിപാട് ഇറങ്ങിയ ശേഷം, വാഗ്ദത്ത മസീഹ് (അ) മറ്റു ദിവ്യ വെളിപാടുകളുടെ അടിസ്ഥാനത്തിൽ, ഒമ്പതു വർഷത്തിനുള്ളിൽ ഈ പുത്രൻ ജനിക്കുമെന്നും പ്രവചന പൂർത്തീകരണത്തിനു ഒരു ദിവസം മാത്രമേ ബാക്കിയുള്ളൂവെങ്കിൽപോലും അതു സംഭവിക്കുകതന്നെ ചെയ്യുമെന്നും വിളംബരപ്പെടുത്തുകയുണ്ടായി. 1886 ഫെബ്രുവരി 20 – ലെ പ്രവചന പ്രകാരമുള്ള പരിശുദ്ധ സുതനും വാഗ്ദത്ത പരിഷ്കർത്താവും ആണ് താനെന്നും, അല്ലാഹു (ത) അറിയിച്ചുകൊടുത്ത ഒരു സത്യ സ്വപ്ന/ ദർശനത്തിന്റെ അടിസ്ഥാനത്തിൽ, ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഔദ്യോഗിക പ്രഖ്യാപനം നടത്തുകയുണ്ടായി. ഹസ്രത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇവ്വിഷയമായി നത്തിയ നിരവധി പ്രസംഗങ്ങൾ സർ സഫറുല്ലാ ഖാൻ തന്റെ അഹ്മദിയ്യത് : ഇസ്ലാമിന്റെ നവോത്ഥാനം എന്ന പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. അദ്ദേഹം വ്യക്തമായി പ്രഖ്യാപിച്ചു,

“ഞാൻ മാത്രമാണ് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ഏക വ്യക്തിയെന്നോ ഖിയാമത്ത് നാൾവരെ വാഗ്ദത്തം ചെയ്യപ്പെട്ട മറ്റാരും വരികയില്ലെന്നോ ഞാൻ വാദിക്കുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളിൽ നിന്നു മനസ്സിലാവുന്നത് വാഗ്ദത്തം ചെയ്യപ്പെട്ട മറ്റു ചിലരും വരുമെന്നുതന്നെയാണ്. അവരിൽ ചിലർ നൂറ്റാണ്ടുകൾക്കുശേഷം അവതരിയ്ക്കും.” താൻ കണ്ട ദർശനത്തിന്റെഅടിസ്ഥാനത്തിൽ, അദ്ദേഹം വ്യക്തമായി പറഞ്ഞു : “ ഞാൻ തന്നെയാണ് വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ പ്രതിച്ഛായയും ഖലീഫയും.”മസീഹിഗുണവും റൂഹുൽഹഖി (സത്യത്തിന്റെ ആത്മാവ്) ന്റെ അനുഗ്രഹവും അവനിലുണ്ടായിരിക്കും എന്ന പ്രവചനഭാഗത്തിന്റെ പൂർത്തീകരണമാണ് ഈ പ്രസ്താവന. അദ്ദേഹം അല്ലാഹുവിന്റെ പേരിൽ സംസാരിച്ചു. എല്ലാവിധ അപകടങ്ങൾക്കും കുടില പദ്ധതികൾക്കും വധഭീഷണികൾക്കും നടുവിൽ അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചു. പ്രവചന പൂർത്തീകരണം നടത്താൻ വേണ്ടുവോളം കാലം ജീവിക്കുവാൻ ഇടയാക്കി. വാഗദത്ത മസീഹിന്റെ ബീജ സന്തതിയും പരിശുദ്ധ പുത്രനും ആത്മീയ സന്തതിയും ആയി വെളിപാടിൽ പറഞ്ഞ പ്രകാരം ഒമ്പതു വർഷത്തിനുള്ളിൽ ജന്മംകൊണ്ട അദ്ദേഹം തന്റെ ജീവിതത്തിലൂടെ പ്രവചനപുലർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

പ്രവചനത്തിലെ വിരുന്നുകാരന് വാഗ്ദത്ത മസീഹ് (അ) വിശദീകരണം നൽകുകയുണ്ടായി. അതിനുപുറമെ പറയുകയാണെങ്കിൽ ഒരു കാര്യം ഓർക്കുക. ഓരോ സന്ദേശവാഹകനും ദൂതനും പരിഷ്കർത്താവും ഈ ഭൂമിയിലെ വിരുന്നുകാരനാണ്. (സത്യത്തിൽ, എല്ലാ മനുഷ്യരെയും പോലെതന്നെ !) പ്രത്യേകിച്ചും, അല്ലാഹു (ത) തെരഞ്ഞെടുത്ത് അയക്കുന്നവർ ദൗത്യം പൂർത്തിയാവുമ്പോൾ അവർ ഇഹലോകവാസം വെടിഞ്ഞ് തങ്ങളുടെ ശാശ്വത ഭവനത്തിലേക്ക് മടക്കപ്പെടുന്നു.

വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനും പരിഷ്കർത്താവും ആയി വന്ന ആദ്യത്തെ വ്യക്തിയുടെ കാര്യത്തിൽ ഗൗരവതരമായ ഒരു സംഗതി പരിഗണനയർഹിയ്ക്കുന്നു. കത്തികൊണ്ടുള്ള ആഴത്തിലൊരു മുറിവ്, പള്ളിയിൽ നമസ്കാരസമയത്തു, ശത്രുവിന്റെ കഠാര അദ്ദേഹത്തിന്റെ കഴുത്തിൽ ആഴ്ന്നിറങ്ങിയതുമൂലം ഉണ്ടാകാനിടയായി. അഹ്മദിയ്യത്തിന്റെ ശത്രുക്കൾ തങ്ങളുടെ വാദങ്ങൾക്കനുപൂരകമായൊരു ശക്തമായ തെളിവായി ഈ സംഭവത്തെ വ്യഖ്യാനിച്ചു. അല്ലാഹു (ത) അദ്ദേഹത്തിന്റെ ജീവനാഡി അറുത്തതായി അവർ വാദിച്ചു. കള്ളവാദികൾക്ക് വി. ഖുർആൻ കൽപ്പിക്കുന്ന ശിക്ഷയ്ക്ക് (69 : 45– 48) അദ്ദേഹം ഇരയായതായി അവർ കൊട്ടിഘോഷിച്ചു. “നാം അവന്റെ ജീവനാഡി അറുത്തുകളയും” എന്നാണ് പ്രസ്തുത വചനത്തിൽ പറഞ്ഞിട്ടുള്ളത്. ആക്രമണത്തിനിരയായ ഉടൻ അദ്ദേഹം മരിച്ചുപോയിരുന്നുവെങ്കിൽ, ഇസ്ലാമിന്റെ ശത്രുക്കൾക്ക് വാദങ്ങൾകൊണ്ടൊരു പ്രളയപ്രവാഹം സൃഷ്ടിക്കാൻ കഴിയുമായിരുന്നു. ഇസ്ലാമിലെ ഈ മഹോന്നത വ്യക്തിത്വത്തിന്നെതിലുള്ള തങ്ങളുടെ വെറുപ്പ് തുറന്നു പ്രകടിപ്പിക്കാൻ അവർക്ക് സാധിക്കുമായിരുന്നു.

1954 – ൽ ഈ ആക്രമണം ഉണ്ടായപ്പോൾ, അദ്ദേഹം ഇത്ര ഗുരുതരമായ ഒരാക്രമണം അതിജീവിച്ചുവെന്നത് അത്ഭുതകരമായ ഒരു യാഥാർത്യമായിരുന്നു. പിന്നീട് 11 വർഷത്തിലേറെ അദ്ദേഹം ജീവിച്ചു. കൊലപാതകശ്രമങ്ങൾക്കിടയിലും അദ്ദേഹത്തിന്റെ ജീവൻ സംരക്ഷിയ്ക്കുന്ന കാര്യത്തിൽ അല്ലാഹു (ത) വിന്റെ കരങ്ങൾ പ്രവർത്തിച്ചു. അല്ലെങ്കിൽ, ഇതെങ്ങനെ സംഭവിയ്ക്കാനാണ് ? അദ്ദേഹം ഭൂമിയിൽ 76 – വർഷക്കാലം ജീവിച്ചു. ഇസ്ലാമിനു വേണ്ടി മഹത്തായ സേവനങ്ങൾ അർപ്പിച്ചു. ദൈവിക വെളിപാടുകളും ദർശനങ്ങളും മുഖേന അനുഗ്രഹീതനായിരുന്നു. തന്റെ കാലത്തിന് അനുയോജ്യമായ ഒരു വ്യാഖ്യാന ഭാഷ്യം പരിശുദ്ധഖുർആനു വേണ്ടി തയ്യാറാക്കുന്നതിൽ, മാലാഖമാർ എത്തി അദ്ദേഹത്തെ പ്രചോദിപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്തു കാലവും 52 വർഷം നീണ്ടു നിൽക്കുകയുണ്ടായി.

അല്ലാഹു (ത) വിന്റെ അപാരമായ അനുഗ്രഹത്താൽ, പരിശുദ്ധ ഖുർആനിലെ, തിരുവചനങ്ങളെ വ്യഖ്യാനിക്കുവാൻ ഉള്ള കഴിവ് ഈ വിനീതനുമേൽ ദൈവികമായ ഇറക്കപ്പെട്ടിരിയ്ക്കുന്നു. മുഴുവൻ തഫ്സിറും പടിപടിയായി നമ്മുടെ ഖുർആൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

അല്ലാഹുവിന്റെ ഓരോ ദൂതനും മുൻകടന്ന ദൂതന്മാരും പരിഷ്കർത്താക്കളും ഒരു ചങ്ങലയിലെ കണ്ണികളെപ്പോലെ ബന്ധിതരാണ്. ദൈവിക സന്ദേശവാഹകനാണെന്ന് സ്വയം തെളിയിക്കുന്നതിനുവേണ്ടി മുൻകടന്ന നൂറ്റാണ്ടുകളിലെ മുജദ്ദിദുമാരെ നിഷേധിക്കുന്ന അവസ്ഥ ഇസ്ലാമിൽ ഒരുകാലത്തും ഉണ്ടായിട്ടില്ല. വാഗ്ദത്ത മസീഹ് (അ) അങ്ങനെ ചെയ്തിട്ടില്ല. വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ ആദ്യത്തെ മുസ്‌ലിഹ് മൗഊദിന്റെ വാദത്തെ നിരാകരിക്കുന്ന കാര്യത്തിൽ വാശിപിടിക്കുന്നതിലൂടെ ജൻബാ സാഹിബ് ദൈവീക സന്ദേശവാഹകരുടെ ചങ്ങല മുറിച്ചിരിക്കുന്നു.

ജൻബാ സാഹിബിന്റെ വാദഗതികളിൽ കാണുന്നതുപോലെ, അഹ്മദിമുസ്ലീംങ്ങളുടെ പരിഷ്കരണം മാത്രമല്ല എന്റെ ജോലി. സാർവ്വ ലൗകീകമായ കർമ്മപരിപാടികൾ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു എന്നിൽ. മുഴുവൻ മാനവകുലത്തേയും നേർമാർഗ്ഗത്തിൽ നയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് എന്റെ ചുമലുകൾക്കുമേൽ ഉള്ളത്. വർഗ്ഗ – വർണ്ണ – വംശീയ വ്യത്യാസങ്ങൾക്കപ്പുറം മാനവീയതയുടെ ഇസ്ലാമിക സന്ദേശം ലോക ജനതയ്ക്കു മുന്നിൽ കാഴ്ച വച്ച എന്റെ ഗുരുവിന്റെ സന്ദേശം ഈ കാലത്തേയ്ക്ക് ഏറ്റുപറഞ്ഞു പുനരുദ്ധരിക്കുന്നതിനായി ഞാൻ അയയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഖലീഫത്തുല്ലാ എന്ന നിലയിൽ, ഈ വിനീതന്, ഞാൻ അല്ലാഹുവിന്റെ സന്ദേശവാഹകനും തിരുനബി (സ) യുടെ പ്രതിനിധിയും ആകുന്നു. അതുപോലെതന്നെ, ഞാൻ വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ വിനീത സേവകനും ആകുന്നു. എന്റെ വാദം അദ്ദേഹത്തിന്റെ വാദത്തെ സത്യപ്പെടുത്തുന്നു അല്ലാതെ അസ്ഥിരപ്പെടുത്തുകയല്ല ചെയ്യുന്നത്.

എന്നിൽ വിശ്വസിക്കുകയും അനുസരണം പുലർത്തുകയും ചെയ്യുന്ന യഥാർത്ഥ വിശ്വാസികളെക്കുറിച്ച് അല്ലാഹു (ത) ഒരിയ്ക്കൽ എന്നോട് പറഞ്ഞു :

“ ഓ മുനീർ അസീം ! ഒരുകാര്യം നല്ലപോലെ ഓർമ്മവച്ചുകൊൾക. സന്തോഷകരമായ കാര്യങ്ങൾ ചെയ്യാൻ എളുപ്പമാണ്. എന്നാൽ പ്രയോജനകരമായ കാര്യങ്ങൾ പ്രായോഗികമാക്കാൻ പ്രയാസം അനുഭവപ്പെടും.”

എപ്പോൾ വേണമെങ്കിലും തന്നോട് സംസാരിയ്ക്കാം എന്നതിൽ ഞാൻ സന്തോഷവാനാണ്. മറ്റുള്ളവരേക്കാൾ എളിമപ്പെട്ടവനെന്നോ ഉപയോഗമില്ലാത്തവനെന്നോ ഒരിയ്ക്കലും താങ്കൾ സ്വയം കരുതരുത്. കാരിരുമ്പിന്റെ കാഠിന്യമുള്ള പേശീസന്ധികളും നാഡീവ്യൂഹങ്ങളും നിങ്ങൾ ഉണ്ടാക്കിയെടുക്കണം. ധൈര്യവും ആത്മവിശ്വാസവും ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഘടകമാണ്. ആത്മീയ മേഖലയിൽ സിംഹങ്ങളെപ്പോലെ ആയിരിക്കുവിൻ. ഇന്ദ്രീയാസക്തിയുടെ കാടുകളെ നിയന്ത്രണ വരിധിയിലാക്കുക. എന്നിട്ട്, വിജയത്തെ സംബന്ധിച്ച് പൂർണ്ണ വിശ്വാസത്തോടെ നിർഭയരായി മുന്നോട്ടുപ്പോവുക. വിജയ ശിൽപ്പികളാവുക. അല്ലാതെ പരാജയത്തിന്റെ പടുകുഴിയിൽപ്പെട്ടവരെപ്പോലെ ആകരുത്. ഓ മുനീർ അസീം ! ദയവായി മനുഷ്യരെ ഭയക്കരുത്. താങ്കൾ ഏറെ സ്നേഹിക്കുന്നവർക്ക് താങ്കൾ ആശീർവാദം നൽകുക. ഞാൻ അവരെ അനുഗ്രഹിക്കും. താങ്കൾ അവരെ അനുഗ്രഹുയ്ക്കും. താങ്കൾ അവരെ സ്നേഹിക്കുമ്പോൾ, ഞാനും അവരെ ഇഷ്ടപ്പെടും.

ഞാൻ എന്റെ കാര്യം അല്ലാഹുവിൽ അർപ്പിയ്ക്കുന്നു. ജനങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കുന്നതിനും ലോകത്തെ പരിഷ്കരിക്കുന്നതിനും വേണ്ടി അല്ലാഹു (ത) എന്നെ അയച്ചിരിക്കുന്നു. ഈ ഭൂമിയിലേക്ക് എന്നെ അയച്ചവൻ ഇക്കാര്യം നല്ലപോലെ അറിയുന്നവനാകുന്നു. ഈ വിശദീകരണം കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതുതന്നെയാണ് എന്റെ പ്രാർത്ഥനയും. അല്ലാഹുവിന്റെ വഴി തെരഞ്ഞെടുക്കാൻ നിങ്ങളുടെ ഹൃദയങ്ങൾ അവൻ തുറന്നു വിശാലമാക്കട്ടെ.

“ ഓ ജനങ്ങളെ ! നിങ്ങൾ അന്വേഷിക്കുന്നത് സത്യം തന്നെയെങ്കിൽ, സത്യം നിങ്ങൾ കണ്ടെത്തും. എന്നാൽ, സത്യത്തിന്റെ പ്രകാശം നിങ്ങളുടെ അറിവിൽ വരുമ്പോൾ, അതു പൂർണ്ണമായി ഉൾകൊള്ളുന്നതിൽ നിന്നും നിങ്ങളുടെ ഹൃദയം നിങ്ങളെ തടയാതിരിയ്ക്കട്ടെ.”(2010 ജനുവരി 11 – നു ലഭിച്ച ദൈവിക വെളിപാട്)

ഈ കാലഘട്ടത്തിൽ അല്ലാഹുവിൽ നിന്നിറങ്ങുന്ന അനുഗ്രഹപേമാരിയിൽ നിന്നും പ്രയോജനം ആർജ്ജിക്കാൻ എല്ലാ മനുഷ്യർക്കും കഴിയണം. ഇതെന്റെ ആത്മാർത്ഥമായ ആഗ്രഹവും പ്രാർത്ഥനയും ആണ്. പക്ഷെ, നിർഭാഗ്യവശാൽ, അങ്ങനെ സംഭവിക്കുകയില്ലെന്നു ഈ വിനീതൻ തിരിച്ചറിയുന്നു. ജനങ്ങൾ ചിലപ്പോൾ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നില്ല , എന്നിട്ട് സത്യം നിഷേധിക്കാൻ മുതിരുന്നു. ദൈവിക വെളിപാടുകളുടെ രൂപത്തിൽ അവർക്കു ലഭിച്ച ദൈവിക വരദാനത്തെ അവർ തട്ടിമാറ്റുന്നു. അത്തരം ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. അല്ലാഹു (ത) മനുഷ്യർക്കു ദൈവിക വെളിപാടുകൾ ഇറക്കി അനുഗ്രഹിക്കുന്ന കാലം.

ഒരു ആത്മീയ പിതാവിനെപ്പോലെ, എന്റെ കുഞ്ഞുങ്ങളുടെ പുരോഗതിയിൽ ഞാൻ ശ്രദ്ധാലുവാണ്. അല്ലാഹുവിന്റെ സന്ദേശം അവർ മനസ്സിലാക്കി പ്രവർത്തിയ്ക്കണമെന്ന് ഇതിനെതിരിൽ അവർ പുറന്തിരിഞ്ഞു കളയരുതെന്നും ഞാൻ പ്രാർത്ഥിക്കുന്നു. വെളിപാടിന്റെ രൂപത്തിൽ ഇറങ്ങുന്ന ദൈവികാദ്ധ്യാപനങ്ങളെ അവർ പരിഹസിക്കുകയില്ലെന്നും ഞാൻ കരുതുന്നു.

ഏതൊരു മനുഷ്യനും കഴിയുന്നതിലേറെ സ്നേഹിയ്ക്കാനും സംരക്ഷിക്കാനും കഴിവുള്ളവനത്രെ അല്ലാഹു (ത). അവൻ നമ്മെ വളരെയേറെ സ്നേഹിയ്ക്കുന്നു. മനുഷ്യൻ തന്റെ വൈകാരികാവേശങ്ങൾക്കടിമപ്പെട്ടുകൊണ്ടു, അല്ലാഹുവിൽ നിന്നകന്നു പോകുമ്പോൾ സൃഷ്ടാവായ അല്ലാഹു (ത) ഏറെ ദുഃഖിതനാകുന്നു. അവന്റെ സ്നേഹം അനുഗ്രഹവും എത്രയളവിൽ അവൻ മുമ്പ് ഇറക്കിയിരുന്നുവോ അതേ അളവിലും വേഗത്തിലും അവന്റെ കോപവും അത്തരം ആളുകൾക്കുമേൽ ദൃശ്യമാകും.

നമ്മുടെ പ്രിയപ്പെട്ട യജമാനൻ ഹസ്രത്ത് മുഹമ്മദ്നബി (സ) യുടെയും ഹസ്രത്ത് മസീഹ്മൗഊദ് മിർസാ ഗുലാം അഹ്മദ് (അ)ന്റെയും മറ്റെല്ലാ പ്രവാചകന്മാരുടേയും ചരിത്രം നമ്മുടെ മുന്നിലുണ്ട്. അല്ലാഹു (ത) അവനുദ്ദേശിക്കുന്ന ഏതൊരുവനേയും അവന്റെ ഖലീഫയായി എഴുന്നേൽപ്പിക്കുന്നു. മുകളിൽ പറഞ്ഞവരുടെയെല്ലാം ജീവിതവും അനുഭവങ്ങളും നമുക്കു കാണിച്ചുതരുന്നതും ഇന്ന് നമുക്കു മുന്നിലെ അടയാളവുമാണ് ഈ തത്വം. അല്ലാഹുവിനു സ്തുതി. അല്ലാഹുവിന്റെ ഖലീഫയും അമീറുൽ മുഅ്മിനീനും മുഹ്യുദ്ദീനും ആണെന്നുള്ള എന്റെ വാദം ഇന്നും ഉറച്ച അടിസ്ഥാനത്തിൽ തന്നെ നിലകൊള്ളുന്നു. നമ്മുടെ രക്ഷിതാവും സ്നേഹസ്വരൂപനുമായ അല്ലാഹുവിന്റെ കാരുണ്യത്താൽ, നമ്മുടെ വാദം എന്നത്തേക്കാളും ഏറെ ശക്തമായിരിക്കുന്നു.

യഥാർത്ഥ മതവിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുവാനുള്ള ഒരുപകരണമായി (ഖുർആനിൽ പറഞ്ഞിരിക്കുന്നതുപോലെ) അല്ലാഹു (ത) എന്നെ അയച്ചിരിക്കുന്നു. മുസ്‌ലീംങ്ങൾക്ക് – അഹ്മദീ മുസ്ലീംങ്ങൾ ഉൾപ്പെടെ – മാത്രമായിട്ടല്ല ഞാൻ വന്നിരിക്കുന്നത്. മുഴുവൻ മാനവരാശിയെയും താക്കീതു ചെയ്യുവാനും സന്തോഷ വാർത്ത അറിയിക്കുവാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു (ത) വാഗ്ദത്ത മസീഹിന്റെ ജമാഅത്തിലെ സാധാരണക്കാരിലും ദിവ്യവെളിപാടുകൾ മുഖേനെ അനുഗ്രഹിച്ചു. എന്നാൽ, ഏറ്റവും നിർഭാഗ്യകരം എന്നു പറയട്ടെ, അഹ്മദിയ്യാ ജമാഅത്തിലെ അധികാരിവർഗ്ഗം, അല്ലാഹു (ത) അവന്റെ ഒരു ദാസനെ തന്റെ ദൂതനും എല്ലാ മതങ്ങളുടേയും പുനരുദ്ധാരകനും ആയി എഴുന്നേൽപ്പിച്ചു. അപ്പോഴാണ് ഈ പ്രതികരണം. ഹസ്രത്ത് മുഹമ്മദ് നബി (സ) യും ഹസ്രത്ത് മസീഹ് മൗഊദ് അഹ്മദും (അ) അവർ രണ്ടു പേരോടും മറ്റു പ്രവാചകന്മാരോടും അല്ലാഹു (ത) കാരുണ്യം കാട്ടട്ടെ. പറഞ്ഞതും പഠിപ്പിച്ചതും സത്യം തന്നെയെന്നതിന്റെ ഏറ്റവും സുപ്രധാനമായ തെളിവാണ് അഹ്മദിയ്യാ ജമാഅത്തിലെ അധികാരികൾ എന്നെ നിഷേധിച്ചു എന്നത്.

അല്ലാഹു (ത) ഒരു ദൂതനെ അയയ്ക്കുമ്പോൾ, അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് മനസ്സിലാക്കുന്ന വ്യക്തികൾ, അദ്ദേഹത്തിന്റെ വാദഗതികൾക്കു നേരെ പുറന്തിരിഞ്ഞു കളയാതെ, വാദത്തിലെ യാഥാർത്ഥ്യം മനസ്സിലാക്കി ഉറച്ചു നിൽക്കുകയും അല്ലാഹുവിനോടുള്ള സ്നേഹം നിമിത്തം അദ്ദേഹത്തിൽ വിശ്വസിക്കുകയും തങ്ങളുടെ ആത്മീയ ജീവിതം കരുപ്പിടിപ്പിക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഈ കാലത്തേയ്ക്ക് അയയ്ക്കപ്പെട്ടിരിക്കുന്ന ദൂതനോടും പരിപൂർണ്ണമായി സമർപ്പണം ചെയ്യുകയും ചെയ്താൽ, അങ്ങനെയുള്ളവർക്കു നേരെ, അല്ലാഹു (ത) പുറന്തിരിഞ്ഞു കളയുകയില്ലതന്നെ. തങ്ങളുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം ആത്മാർത്ഥമായി കാത്തുസൂക്ഷിക്കുന്നവരുടെ മേൽ അല്ലാഹു (ത) തന്റെ വെളിപാടുകൾ ഇറക്കും. ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ കാലത്തും ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ന്റെ കാലത്തും സംഭവിച്ചതുപോലെ, അല്ലാഹു (ത) താൻ തന്നെ തെരഞ്ഞെടുത്ത് അയച്ച വ്യക്തിയുടെ സത്യം തെളിയിക്കുന്നതിനായ് ദിവ്യ വെളിപാടുകൾ അനുചരന്മാരിലും ഇറങ്ങുന്നു. അതുപോലെ, എന്റെ പല അനുചരന്മാർക്കും അനേകം ദൈവിക അടയാളങ്ങളും പ്രതിഭാസങ്ങളും കാണാനും സാക്ഷ്യം വഹിയ്ക്കാനും അവസരമുണ്ടായിട്ടുണ്ട്. യഥാർത്ഥ സ്വപ്നങ്ങളും അല്ലാഹുവിൽ നിന്നു വെളിപാടുകൾവരെയും ലഭിച്ചവരുണ്ട്. ഇങ്ങനെ ലഭിച്ചവരിൽ പലരും, പക്ഷെ, പിന്നീട് അല്ലാഹുവിന്റെ അടയാളങ്ങളേയും ഈ വിനീതന്റെ സത്യതയേയും നിഷേധിച്ചു കളഞ്ഞു.

## സ്വപ്നങ്ങളും ദർശനങ്ങളും : ദൈവീക പ്രഭാവത്തിന്റെ സാക്ഷ്യങ്ങൾ

ഒരാൾ കണ്ട സ്വപ്നം ഇങ്ങനെയായിരുന്നു : താൻ ആകാശത്തേയ്ക്ക് നോക്കുന്നതായും അപ്പോൾ ചന്ദ്രൻ രണ്ടായി പിളരുന്നതായും കണ്ടു. അങ്ങനെ പിളർന്ന ചന്ദ്രന്റെ ഒരു ഭാഗം, പഴയ കാലത്ത് എഴുതുവാൻ ഉപയോഗിച്ചിരുന്ന പക്ഷിത്തൂവൽകൊണ്ടുള്ള ഒരു പേനയായി രൂപാന്തരപ്പെട്ടു. ഈ വിനീതന്റെ വരവിനെക്കുറിച്ചുള്ള ചില പ്രവചനങ്ങൾ അറബി ഭാഷയിൽ വെളിപാടുകളായി ഇറക്കപ്പെട്ടത് ആ പേനകൊണ്ട് ആകാശത്ത് എഴുതപ്പെട്ടു. ആകാശത്ത് പ്രത്യക്ഷമായ വെളിപാടുകൾ, ഈ വിനീതൻ അല്ലാഹുവിൻ നിന്നും ശരിക്കും അയക്കപ്പെട്ടിട്ടുള്ള വ്യക്തിയാണെന്നും എന്റെ പിന്മുറക്കാരിൽ പ്രവാചകൻ (മാർ) എഴുന്നേൽപ്പിക്കപ്പെടും എന്നുള്ള വസ്തുതകളെ ദ്യോതിപ്പിക്കുന്നതാണ്. വെളിപാടു വചനങ്ങൾ ആകാശത്ത് എഴുതപ്പെടുന്നതു കണ്ട ആ വ്യക്തി, അയാൾ കണ്ട കാര്യങ്ങൾ എഴുതി വയ്ക്കാൻ ശ്രമിച്ചു. അങ്ങനെ എഴുതുന്നതിനിടയിൽ, സ്വപ്നം കണ്ട വ്യക്തി പറഞ്ഞു : " അപ്പോൾ മുനീർ അസീമിന്റെ വാദം ശരിതന്നെ."

ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമിൻ അംഗങ്ങളേയും ഈ വിനീതനേയും മറ്റൊരാൾ കേൾപ്പിച്ച ഒരു സ്വപ്നം. സമുദ്രത്തിൽ ചില കുപ്പികൾ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടു. മസീഹ് വന്നിരിക്കുന്നുവെന്ന് ഫ്രഞ്ചു ഭാഷയിൽ എഴുതപ്പെട്ട ഒരു സന്ദേശം അത്തരം ഒരു കുപ്പിയിൽ കണ്ടു. അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ, വേറൊരു സ്വപ്നം കണ്ടു : തന്റെ സഹോദരിയും താനും മരണപ്പെട്ടതായും പിന്നീട് അല്ലാഹുവിനു മുമ്പാകെ ഹാജരാക്കപ്പെട്ടതായും കാണപ്പെട്ടു. അല്ലാഹു (ത) അയച്ച മുഹ്യിദ്ദീൻ മുനീർ അസീമിനെ വിശ്വസിച്ചതിനാൽ അല്ലാഹു (ത) അവർക്ക് കുടിക്കുന്നതിനുവേണ്ടി അതിശ്രേഷ്ടമായ പാൽ നൽകുകയുണ്ടായി. എന്നാൽ ഈ വ്യക്തിയും അദ്ദേഹത്തിന്റെ ഭാര്യയും അവർ തന്നെ സാക്ഷ്യം വഹിച്ച സത്യത്തിനെതിരിൽ പുറം തിരിഞ്ഞു കളഞ്ഞു.

ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമിനിൽ എന്റെ അനുചര വൃന്ദത്തിൽ ചേർന്നിരുന്ന ഒരു വ്യക്തിക്കു പോലും താനൊരു ദൈവിക പ്രതിഭാസങ്ങൾക്കും അടയാളങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടില്ലാ എന്നു പറയാൻ കഴിയുകയില്ല. എന്നിട്ടും, അവരൊക്കെ ഇന്നെവിടെയാണ് ? അല്ലാഹുവിനോട് മറുപടി ബോധിപ്പിക്കേണ്ടിവരും അവരെല്ലാവരും ഈ വിനീതന്റെ സത്യസാക്ഷ്യമായി യാതൊന്നും ദൈവീകമായി കാണിയ്ക്കപ്പെട്ടില്ലെന്നു അവർക്കു പറയാൻ കഴിയുകയില്ല.

ഇതൊക്കെയാണെങ്കിലും, അല്ലാഹു (ത) എന്റെ ഇപ്പോഴത്തെ അനുചരന്മാരെ അനുഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രകാശത്തെ പ്രസരിപ്പിക്കുന്ന നിരവധി സ്വപ്നങ്ങൾക്ക് അവർ പതിവായി സാക്ഷ്യം വഹിയ്ക്കുന്നു. മാലാഖമാർ അവരോട് സംസാരിക്കാൻ എത്തിച്ചേരുന്നു. അല്ലാഹുവിന്റെ സാന്നിദ്ധ്യം അവർക്ക് അനുഭവവേദ്യമാകുന്നു. പ്രവാചകപ്രഭു മുഹമ്മദ് നബി (സ) യേയും വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) നേയും അവർ സ്വപ്നങ്ങളിലൂടെ കാണുന്നു. " മുനീർ അഹ്മദ് അസീം ഈ കാലത്തേക്കുള്ള മസീഹാകുന്നു."എന്ന വെളിപാട് അവരുടെ ദർശനങ്ങളിൽ അവർ കാണുന്നു. പല അവസരങ്ങളിലും അവർ അനുഗ്രഹീതങ്ങളായ സ്വപ്നങ്ങൾക്ക് സാക്ഷ്യം വഹിയ്ക്കുന്നു. ഈ വിനീതനെ എന്തുമാത്രം മഹോന്നതമായ സ്ഥാനത്തേയ്ക്ക് അല്ലാഹു (ത) ഉയർത്തിയെന്നതിനു തങ്ങളുടെ സ്വപ്ന ദർശനങ്ങളിലൂടെ അവർക്കും അറിവ് നൽകപ്പെട്ടിരിക്കുന്നു. ശുഭകരമായൊരു ഭാവിയെപ്പറ്റിയും ഇറങ്ങാൻ പോകുന്ന ദൈവീകാനുഗ്രഹങ്ങളെക്കുറിച്ചും അവർക്ക് അല്ലാഹുവിൽ നിന്ന് സന്തോഷ വാർത്തകൾ ലഭിക്കുകയും ചെയ്യുന്നു.

ശ്രദ്ധേയമായ ഒരു കാര്യം ഈ വെളിപാടുകൾ പുരുഷന്മാരിൽ മാത്രം പരിമിതമല്ല എന്നതാണ്. സ്ത്രീകളും ചെറിയ പെൺകുട്ടികളും ദൈവിക ഭാഷണത്താൽ പ്രേരിതരായി പലകാര്യങ്ങളും വെളിപ്പെടുത്തുന്നുണ്ട്. അഗോചരമായ, ഒരു പ്രത്യേകതരം മഴ ഈ വിനീതന്റെമേലും സത്യവിശ്വാസികളുടെ സംഘത്തിനും മേൽ വർഷിക്കപ്പെടുന്നതായി അവരിൽ ചിലർ കണ്ടു. അഭൗമികമായ ചില സുഗന്ധദ്രവ്യങ്ങൾ ഈ വിനീതനുചുറ്റും ഉള്ളതായി അവർക്ക് സ്വപ്നദർശനത്തിൽ കാണപ്പെട്ടു. അല്ലാഹുവിന്റെ പരിശുദ്ധ നാമം എല്ലായിടത്തും എഴുതപ്പെട്ടിരിക്കുന്നതായി ചിലർ ദർശിക്കുകയുണ്ടായി. ആകാശത്തും വൃക്ഷശിഖരങ്ങളിലും നിസ്കാരപായയിലും, പള്ളിയിലും മേശപ്പുറത്തും കർട്ടനുകളിലും എല്ലാം അല്ലാഹുവിന്റെ പരിശുദ്ധനാമം അവർകണ്ടു. അവരുടെ സ്വപ്നങ്ങൾ ദൈവിക കാരുണ്യംകൊണ്ട് അർത്ഥഗർഭവും ഈ വിനീതന്റെ വാദങ്ങളെ പൂർണ്ണമായും ശരിവയ്ക്കുന്നവയും ആകുന്നു. ഒരു സംശയവും ബാക്കിയാവാത്തവിധം അവ വ്യക്തമായ ഒരു ദൃഷ്ടാന്തമത്രെ.

ചില മാസങ്ങൾക്കു മുമ്പ് അവരിൽ ഒരാൾക്ക് അനുഭവവേദ്യമായ ഒരു സ്വപ്നം ഇങ്ങനെയായിരുന്നു. ശുഭ്ര വസ്ത്രധാരികളായ് പതിനായിരങ്ങൾ പങ്കെടുത്ത ഒരു ജനാസ ചടങ്ങ് നടക്കുന്നു. പ്രവാചക പ്രഭു മുഹമ്മദ്

നബി (സ) യും അവർക്കിടയിൽ ഉണ്ടായിരുന്നു. പ്രവാചകൻ വന്നതാകട്ടെ എന്റെ രൂപത്തിലും. മുഹമ്മദ് നബി (സ) യുടെ രണ്ടാം വരവായ ഈ വിനീതന് ദൈവിക വെളിപാടുകൾ ലഭിക്കുന്നതായും എന്റെ ചുറ്റും ഏറ്റവും അടുത്ത പുരുഷ അനുചരന്മാർ ശുഭ്ര വസ്ത്രധാരികളായി വെളിപാടുകൾ ജനങ്ങൾക്ക് അറിയിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നതായും കാണപ്പെട്ടു.

നമ്മുടെ ഹസ്രത്ത് ഉമ്മുൽ മുഅ്മിനീൻ സദ്ർ സാഹിബ ഈ വിനീതന്റെ സത്യ സന്ദേശത്തെ സൂചിപ്പിക്കുന്ന ആയിരക്കണക്കിനു അടയാളങ്ങൾക്ക് വ്യക്തിപരമായ നിലയിൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ കാരുണ്യത്താൽ അവർക്ക് ദൈവികസാമിപ്യംകൊണ്ട് അനുഗ്രഹീതയാവാൻ ഈ വിനീതനെ വിശ്വസിച്ചതിലൂടെ സാധിച്ചിരിക്കുന്നു. അല്ലാഹുവിന് പ്രിയപ്പെട്ടവൻ എന്നവർ അഭിസംബോധന ചെയ്യപ്പെടുകയുണ്ടായി. വെളിപാടുകളും ദർശനങ്ങളും സ്വപ്നങ്ങളും മുഖേനെ അല്ലാഹു (ത) അവരുടെ സ്ഥാനത്തെ ഉയർത്തി. അദൃശ്യതയിൽ നിന്ന് അവർക്ക് ലഭിച്ച ചില സന്ദേശങ്ങളിലൂടെ ചില ഭവിഷ്യൽ കാര്യങ്ങളെക്കുറിച്ച് അവർക്ക് ജ്ഞാനം നൽകപ്പെട്ടു.

അവരുടെ പുത്രൻ മർഹും സയ്യിദ് അഹ്മദ് പല നല്ല സ്വപ്നങ്ങളും കണ്ടിരുന്നു. ഒരു സ്വപ്നത്തിൽ, അദ്ദേഹം തന്റെ കമ്പ്യൂട്ടറിനു മുന്നിൽ ഇരിയ്ക്കുന്നതായും ആ കമ്പ്യൂട്ടർ സ്ക്രീൻ നിറയെ ഈ വിനീതനു ലഭിച്ച ധാരാളം വെളിപാടുകൾ എഴുതപ്പെട്ടിരിക്കുന്നതായും കണ്ടു. കൂടാതെ ദൈവിക വെളിപാടുകൾക്കു കീഴെയായി അവ പ്രസിദ്ധീകരിക്കാൻ സമയമായി എന്നും രേഖപ്പെടുത്തപ്പെട്ടിരുന്നു. !

ഈ വിനീതന്റെ സത്യതയെക്കുറിച്ച് നടത്തിയ ദുആകളെ തുടർന്ന് അല്ലാഹു (ത) തനിക്ക് മൂന്നു സ്വപ്നങ്ങൾ ഇറക്കിത്തന്നതായി എന്റെ ഒരു അടുത്ത ശിഷ്യൻ ഈയിടെ എന്നെ അറിയിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ, ഒരു അദ്ധ്യായത്തിന്റെ തലക്കെട്ടായി മുഹ്‌യിദ്ദീൻ/മുജദ്ദിദ് എന്ന എന്റെ സ്ഥാനപ്പേര് അദ്ദേഹം കണ്ടു ഒരിയ്ക്കൽ.

മറ്റൊരവസരത്തിൽ, ദൈവിക പ്രകാശവും ആത്മീയതയും നിറഞ്ഞ ഒരു സ്വപ്നം അദ്ദേഹം കണ്ടു. വളരെ മനോഹരമായൊരു അത്ഭുതപക്ഷിയെയാണ് അദ്ദേഹം കണ്ടത്. ഇബ്നുസീരിന്റെ സ്വപ്നവ്യാഖ്യാനം പരിശോധിച്ചപ്പോൾ ആ പക്ഷി അല്ലാഹുവിന്റെ ഒരു മാലാഖയെ സൂചിപ്പിക്കുന്നുവെന്ന് അദ്ദേഹത്തിനു മനസ്സിലായി. വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റെ ഒരു പുസ്തകത്തിൽ, അല്ലാഹുവിന്റെ ഒരു ദൂതൻ വരുമ്പോൾ മാലാഖകൾ ഭൂമിയിലേക്ക് ഇറക്കപ്പെടുമെന്ന് അദ്ദേഹം വായിക്കാനും ഇടവന്നു....... ഇതുപോലെ നിരവധി അടയാളങ്ങൾ ഈ ദൈവിക പ്രതിഭാസത്തിനു സാക്ഷ്യം വഹിക്കുന്ന നിലയിൽ ഉണ്ടായിരിയ്ക്കുന്നു.

എന്റെ അനുചരന്മാർ ഈ വിനീതനൊപ്പം ചേർന്നു നിൽക്കുവോളം അവരുടെ മേൽ അനുഗ്രഹങ്ങളുടെ പുറത്ത് അനുഗ്രഹങ്ങൾകൊണ്ട് നിറയ്ക്കപ്പെടും. ഓർക്കുക, ശൈത്താൻ അല്ലാഹുവിന്റേയും തിരുദൂതരുടേയും പ്രത്യക്ഷ – ശത്രുവാണ്. സൂക്ഷ്മത കൈകൊള്ളുക, സ്ഥിരചിത്തരാവുക, സംശയരോഗത്തിന് അടിപ്പെടരുത്. ശൈത്താന്റെ പാത പിന്തുടർന്നാൽ ദൈവികാനുഗ്രഹങ്ങളെല്ലാം നിങ്ങളിൽ നിന്നെടുക്കപ്പെടും.

അബൂബക്കർ സിദ്ദീഖിനെപോലെ ആയിത്തീരുക. നബി (സ) യുടെ സന്തതസഹചാരിയായിരുന്നു സുഹൃത്തിനെപ്പോലെയാവുക. താൻ അല്ലാഹുവിന്റെ ദൂതനായി നിയമിക്കപ്പെട്ടിരിക്കുന്നുവെന്ന വിവരം സാക്ഷാൽ മുഹമ്മദ് നബി (സ) പറഞ്ഞപ്പോൾ, ആ നിമിഷത്തിൽ തന്നെ അദ്ദേഹത്തെ സ്വീകരിക്കുകയും ബൈഅത്തു ചെയ്യുകയും ചെയ്ത അബൂബക്കർ സിദ്ദിഖ്. അദ്ദേഹത്തിനു ഒരടയാളവും വേണ്ടി വന്നില്ല. ഒരു ചോദ്യവും അദ്ദേഹം ചോദിച്ചില്ല. തന്റെ പ്രിയ സുഹൃത്ത് മുഹമ്മദ് നബി (സ) യുടെ ജീവിതം തന്നെ അദ്ദേഹത്തിന് മുന്നിലുണ്ടായിരുന്നു. അല്ലാഹു (ത) അദ്ദേഹത്തെ ദൂതനായി തെരഞ്ഞെടുത്തതിൽ അബൂബക്കർ സിദ്ദീഖിന് അസാംഗത്യം അനുഭവപ്പെട്ടില്ല. അല്ലാഹുവിലും അവന്റെ റസൂലിസും ഉള്ള അടിയുറച്ച വിശ്വാസം കാരണം അദ്ദേഹം സിദ്ദീഖ് – സത്യസന്ധൻ – എന്നു വിളിക്കപ്പെട്ടു.

മുഹമ്മദ് നബി (സ) യെ തന്റെ ദൂതനായി അല്ലാഹു (ത) നിയോഗിച്ചുവെന്ന അല്ലാഹുവിന്റെ വാദമാണ് യഥാർത്ഥ സത്യം (അൽഹഖ്). അല്ലാഹു (ത) അൽഹഖ് ആയതിനാൽ അവന്റെ ദൂതൻ അൽഹഖിന്റെ പ്രതിനിധിയാകുന്നു. സൂറത്തുന്നിസായിലെ 70 –ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതുപോലെ സത്യത്തിന്റെ പാത പിന്തുടരുന്നവരൊക്കെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സിദ്ദിഖിങ്ങളും ആയിത്തീരാം. ഈ വചനത്തിൽ ഒരു വിശ്വാസിയ്ക്ക് ആർജ്ജിക്കാവുന്ന നാല് സ്ഥാനങ്ങൾ പരാമർശിക്കപ്പെട്ടിരിക്കുന്നു : സദ്‌വൃത്തർ, രക്തസാക്ഷികൾ, സിദ്ദീഖിങ്ങൾ, നബിമാർ.

അല്ലാഹു (ത) വിനോട് ആത്മാർത്ഥതകാട്ടുന്ന ഒരു ചെറിയ വിഭാഗം മാത്രം എന്നെ പിന്തുടരുകയും മുഴുവൻ ലോകവും എന്നെ നിഷേധിക്കുകയും ചെയ്താലും അല്ലാഹുവിന്റെ ദാസർ, മുഹ്‌യുദ്ദീൻ, ഖലീഫത്തുല്ല,

ദൈവദൂതൻ തുടങ്ങിയ എന്റെ വാദങ്ങളെല്ലാം സത്യമായിത്തന്നെ ഇരിയ്ക്കും. ഈ ദൈവിക പ്രതിഭാസം ആരംഭിച്ച കാലത്ത്, ഒരു ദിവസം അല്ലാഹു (ത) എന്നെ അറിയിച്ചു. " നാളെ മുഴുവൻ ലോകവും നിന്നെ ഉപേക്ഷിച്ചാലും അല്ലാഹു നിന്നോടൊപ്പമുണ്ടെങ്കിൽ, എല്ലാം നിന്നോടൊപ്പം ഉണ്ടാകും. മുഴുവൻ ലോകവും നിന്നോടൊപ്പമുണ്ടാവുകയും, അല്ലാഹു നിന്നോടൊപ്പം ഇല്ലാതെ വരികയും ചെയ്താൽ, ഒന്നും നിന്നോടൊപ്പമുണ്ടെന്ന് കരുതുക വേണ്ട." എന്റെ മാതൃഭാഷയായ ക്രയോളിൽ ലഭിച്ച ഈ സന്ദേശത്തിന്റെ പശ്ചാത്തലത്തിൽ എന്റെ വിനീതമായ പ്രാർത്ഥന ഇത്രമാത്രം : എല്ലാ സാഹചര്യങ്ങളിലും അല്ലാഹു (ത) എന്നോടൊപ്പമുണ്ടായിരിക്കട്ടെ. പീഢനങ്ങളും പരീക്ഷണങ്ങളും സന്തോഷവേളകളും എല്ലാം അവന്റെ സംരക്ഷണത്തിലൂടെയാകട്ടെ. അല്ലാഹു (ത) എഴുന്നേൽപ്പിച്ച ദൂതരെ ശത്രുക്കൾക്കെതിരിൽ സഹായിക്കാനും അവനിലൂടെ അവന്റെ പരിശുദ്ധ ദീനിനെ വിജയിപ്പിക്കാനും മുഴുലോകത്തിന്റെയും നിഷേധത്തിനെതിരിൽ തന്റെ ദാസനെ നയിക്കാനും അവൻ കഴിവുള്ളവനത്രെ.

ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ ഉമ്മത്തിനു പൊതുവിലും വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റെ ജമാഅത്തിനു പ്രത്യേകിച്ചും മഹത്വം നൽകുന്നതിനായിട്ടാണ് ഈ വിനീതനെ ഒരു താക്കീതുകാരനായി നിങ്ങൾക്കിടയിൽ എഴുന്നേൽപ്പിക്കാൻ അല്ലാഹു (ത) തീരുമാനിച്ചത്. അല്ലാഹു (ത) വിൽ നിന്നുള്ള ഈ മാർഗ്ഗദർശനം നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഔന്നത്യം ലഭ്യമാകും. അൽഹംദുലില്ലാഹ്. അല്ലാഹു (ത) വിന് ആരുടേയും സഹായത്തിന്റെ ആവശ്യമില്ല. മറിച്ച്, നിങ്ങളാകട്ടെ, എല്ലാ കാര്യങ്ങൾക്കും അവന്റെ സഹായം ആവശ്യമുള്ളവരാണ്. നമ്മുടെ ജീവിതം, മരണം, ദാഹജലം, ആഹാരം, പാർപ്പിടം, പദവി തുടങ്ങിയ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ കരങ്ങളിലാണ് നിലകൊള്ളുന്നത്.

അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജനങ്ങൾ പിന്തുടർന്നാൽ അവർക്ക് നന്മയ്ക്ക് കാരണമാകും. മുൻകാലങ്ങളിലെന്നപോലെ, അല്ലാഹു (ത) അവരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും. തൗഹീദിൽ വിശ്വസിയ്ക്കുന്നവർക്ക് ദൈവിക സഹായത്തിന്റെയും അനുഗ്രഹത്തിന്റെയും സന്തോഷവാർത്തകളുണ്ട്. അതുപോലെ തന്നെ, ദൈവികാടയാളങ്ങളെ പരിഹസിയ്ക്കുകയും നിഷേധിക്കുകയും ചെയ്യുന്നവർ മോശമായ അനന്തരഫലങ്ങളെ നേരിടേണ്ടിവരും.

അല്ലാഹുവിൽ നിന്നുവരുന്ന ഒരാൾക്ക് ഈ ഭൂമിയിൽ റോസാദളങ്ങൾക്കു മുകളിലൂടെ നടക്കാൻ കഴിയുകയില്ല. ദൈവിക പാതയിൽ കല്ലും മുള്ളും നിറഞ്ഞ അനുഭവ പഥാവിലൂടെ ആ ദൂതന് നടക്കേണ്ടിവരും. എന്റെ ജീവിതം ഇത്തരം കയ്പ്പേറിയ അനുഭവങ്ങൾ ഏറെ കണ്ടിരിയ്ക്കുന്നു. എന്റെ മേൽ അനേകം ആരോപണങ്ങൾ ചുമത്തപ്പെട്ടിരിയ്ക്കുന്നു. അഹ്മദികളും അനഹ്മദികളും ആയ മുസ്ലിംങ്ങൾ എന്റെ പ്രവർത്തികളെ നുള്ളിപ്പറയുന്നതിൽ പ്രത്യേകമായൊരു ആനന്ദം കണ്ടെത്തുന്നു. ഹസ്രത്ത് മുഹമ്മദ് നബി (സ) ക്ക് ഇത്തരം അനേകം ആരോപണങ്ങളെ അദ്ദേഹത്തിന്റെ ജീവിതകാലത്തും ശേഷവും നേരിടേണ്ടി വന്നിരിക്കുന്നു. എന്റെ കാലശേഷവും ഇവർ ഈ പ്രവർത്തികളിൽ ആഹ്ലാദം കണ്ടെത്തുന്ന രീതി തുടർന്നേക്കാം. എന്നാൽ, ഒരുകാലം വരും. അപ്പോൾ, എനിക്കുമേലുള്ള ഈ ആരോപണങ്ങളെല്ലാം മായിച്ചു കളയപ്പെടും. ഈ പരിഹാസങ്ങളും ആക്ഷേപങ്ങളും അതുന്നയിച്ചവരുടെമേൽ തന്നെ പതിയ്ക്കും. അല്ലാഹു (ത) തന്നെ എന്റെ അന്തസ്സ് സംരക്ഷിയ്ക്കാൻ നടപടികൾ എടുക്കും.

അല്ലാഹുവിനും അവന്റെ പരിശുദ്ധ പ്രവാചകനും എതിരിൽ ആരോപണങ്ങൾ ഉന്നയിക്കാൻ ധാർഷ്ട്യം കാട്ടുന്ന ഒരു സമൂഹത്തിൽ മറ്റൊരു സമീപനം എനിയ്ക്കെങ്ങനെ പ്രതീക്ഷിയ്ക്കാൻ കഴിയും ? ഞാൻ അല്ലാഹു അയച്ച വ്യക്തിയാണെന്ന് വളരെ വ്യക്തമായ ഭാഷയിൽ ഉറക്കെ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും ?

" അല്ലയോ ജനങ്ങളേ ! ഞാൻ നിങ്ങളിലേയ്ക്ക് അയയ്ക്കപ്പെട്ടിരിയ്ക്കുന്ന ഒരു താക്കീതുകാരൻ മാത്രമാണ്."(വെളിപാട്)

" അല്ലാഹു അദ്ദേഹത്തെ (നബിതിരുമേനിയെ) ഇഹത്തിലും പരത്തിലും സഹായിക്കുകയില്ലെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അവൻ ഒരു കയർ മേൽ ഭാഗത്തേക്ക് കൊണ്ടുപോയി നീട്ടിക്കെട്ടി (അതിൻമേൽ കയറി) പിന്നെ അതു അറുത്തുകളയട്ടെ. എന്നിട്ട് അവന്റെ കുതന്ത്രം അവനെ കുപിതനാക്കുന്ന കാര്യത്തെ ദുരീകരിക്കുന്നുണ്ടോ എന്നവൻ നോക്കട്ടെ." വി. ഖുർആന്ഢ 22 : 16

അല്ലാഹു (ത) നിങ്ങളുടെ ഹൃദയത്തിനു പ്രകാശം നൽകുമാറാകട്ടെ. അവനുമാത്രം കീഴ്പ്പെടുന്നവരായി മാറുവിൻ, ആകാശഭൂമികളുടെ നാഥനായിട്ടുള്ളവനത്രെ അവൻ. ഈ ദൈവീക ശക്തി പ്രഭാവത്തിൽ അടിയുറച്ച് നിൽക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ. സത്യാന്വേഷികൾക്ക് അല്ലാഹു ഇക്കാലത്തേയ്ക്ക് അയച്ചിരിക്കുന്ന ദൈവീക പ്രകാശത്തെ ഉൾക്കൊള്ളാനും ആശ്ലേഷിക്കാനും കഴിയുമാറാകട്ടെ. ആമീൻ.

***ഹസ്രത്ത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം,***

Friday Sermon of 21 January 2011,
delivered by : **HAZRAT MUNIR AHMAD AZIM, *Khalifathullah***
Translated by **Fazil Jamal**

**Issued by** : R. Jamaluddin Raother,
Amir, Jamaat Ul Sahih Al Islam, Kerala - 9447001832, 0475- 2252530,
E-mail : jamal.raother@gmail.com

http://www.jamaat-ul-sahih-al-islam.com/